സംസ്ഥാനത്തെ പോളിടെക്നിക്കുകൾ

179. [461] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. വി. രാഘവൻ :
,, എ. കെ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകൾ ഉണ്ട് ;
(ബി) ഗവൺമെന്റ് പോളിടെക്നിക്കുകൾ എത്ര ;
(സി) സ്വകാര്യ പോളിടെക്നിക്കുകൾ എത്ര ?

ഉത്തരം

(എ) 25.
(ബി) 19.
(സി) 6.

സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം

180. [462] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ തുടങ്ങുവാൻ പണ്ടുണ്ടായിരുന്ന മാനദണ്ഡം എന്തായിരുന്നു ?

(ബി) പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും കേരളത്തിൽ ഇന്ന് എത്ര കുട്ടികൾക്ക് പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട് ;

(സി) മറ്റു സംസ്ഥാനങ്ങളിൽ ഇത് എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പണ്ടുണ്ടായിരുന്ന മാനദണ്ഡമനുസരിച്ച് ആവർത്തിക്കപ്പെടാത്ത ചെലവിന്റെ 75 ശതമാനം ഗവൺമെന്റും 25 ശതമാനം മാനേജുമെന്റും വഹിക്കണമായിരുന്നു. ആവർത്തനച്ചെലവ് മുഴുവനും ഗവൺമെന്റാണ് വഹിച്ചിരുന്നത്. വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ 85 ശതമാനം സർക്കാർ വിഹിതവും 15 ശതമാനം മാനേജുമെന്റ് വിഹിതവും ആയിരുന്നു.

(ബി) പോളിടെക്നിക്കുകൾ

ആദ്യവർഷക്ലാസ്സിൽ പ്രവേശനം നൽകപ്പെടുന്ന 3050 വിദ്യാർത്ഥികൾക്കും അവരോടൊപ്പം രണ്ടും മൂന്നും വർഷ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകൾ

ആദ്യവർഷക്ലാസ്സിൽ പ്രവേശനം നൽകപ്പെടുന്ന 2100 വിദ്യാർത്ഥികൾക്കും അവരോടൊപ്പം രണ്ടും മൂന്നും വർഷങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly